"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - വയനാട് ജില്ലയിലെ എച്ച്.എസ്.ടി (മലയാളം) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.പി.അവിനാശ്. പി മുതൽപേർ ബഹു.സുപ്രീം കോടതി മുൻപാകെ ഫയൽ ചെയ്ത എസ്.എൽ.പി.(സി) നം. 3165/2019 ലെ 18.10.2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

**സ.ഉ.(സാധാ) നം.2582/2024/GEDN തീയതി,തിരുവനന്തപുരം, 05-04-2024**

പരാമർശം:-

1) ബഹു.സുപ്രീം കോടതിയുടെ എസ്.എൽ.പി.(സി) നം. 3165/2019 ലെ 18.10.2023 തീയതിയിലെ വിധിന്യായം

2. ശ്രീ.അവിനാശ് പി മുതൽപേർ ഫയൽ ചെയ്ത കോടതിയലക്ഷ്യ ഹർജി CP(C) 02/2024

3.സർക്കാർ ഫയൽ ചെയ്ത റിവ്യൂ ഹർജി നം RP(C) D 50442/2023 in SLPC3165/2019

4)അഡ്വക്കേറ്റ് ജനറലിന്റെ 05.04.2024 ലെ S3.CC(C)02/2024 in SLP (C) 3165/2019 നമ്പർ കത്തും ഉള്ളടക്കമായ അഡ്വ നിഷേ രാജൻ ഷോൺകരുടെ ഇ മെയിലും.

**ഉത്തരവ്**

വയനാട് ജില്ലയിലെ എച്ച്.എസ്.ടി (മലയാളം) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളായ ശ്രീ അവിനാഷ്.പി യും മറ്റുള്ളവരും പരാമർശം (1) ആയി ഫയൽ ചെയ്ത കേസിന്മേൽ 18.10.2023 ന് പുറപ്പെടുവിച്ച ഉത്തരവിൽ, കേരള പബ്ലിക് സർവീസ് കമ്മീഷന് സമർപ്പിച്ചിരുന്ന റിക്വിസിഷൻ പിൻവലിക്കുവാനും ഹർജിക്കാരായ ശ്രീ അവിനാഷ്.പി,ശ്രീമതി റാലി പി.ആർ,ജോൺസൺ ഇ.വി,ഷീമ.എം എന്നിവർക്ക് ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം നിയമനം നല്കണമെന്നും ഉത്തരവായിരുന്നു.

2) പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച് വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർ ട്ട് തേടുകയും, വയനാട് ജില്ലയിൽ എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ നിലവിൽ 8 ഒഴിവുകളാണുള്ളതെന്നും ഇതിൽ 7 ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും 3 ഒഴിവുകളിലും പി.എസ്.സിയിൽ നിന്നും എൻ.സി.എ ലഭിച്ചിട്ടുള്ളതാണെന്നും 2 ഒഴിവുകൾ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായും 2 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഒരൊഴിവ് മാത്രമെ റിപ്പോർട്ട് ചെയ്യപ്പെടാത്തതായി അവശേഷിക്കുന്നുള്ളു എന്നും എന്നാൽ 2023-2024 വർഷത്തെ തസ്തിക നിർണയ ഉത്തരവ് വന്നപ്പോൾ വയനാട് ജില്ലയിൽ 2 എച്ച്.എസ്.ടി (മലയാളം) തസ്തിക നഷ്ടപ്പെട്ടിട്ടുണ്ടെന്നും തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ നിലവിലുള്ള ഒഴിവിലേയ്ക്ക് പുനർവിന്യസിക്കേണ്ടതുള്ളതിനാൽ എസ്.എൽ.പി.(സി) നം. 3165/2019 യിലെ 4 ഹർജിക്കാരെ ഉൾക്കൊള്ളിക്കുന്നതിനുള്ള ഒഴിവുകൾ ലഭ്യമല്ലെന്നും റിപ്പോർട്ട് ചെയ്യുകയും ഇക്കാര്യം

അഡ്വക്കേറ്റ് ജനറലിനെ അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ വയനാട് ജില്ലയിലെ എച്ച്.എസ്.ടി (മലയാളം) റാങ്ക് ലിസ്റ്റിൽ നിന്നും നാല് വേക്കൻസി റിപ്പോർട്ട് ചെയ്താൽ നിയമനം ലഭിക്കുന്നവരുടെ ,പി.എസ്.സി ലഭ്യമാക്കിയ ലിസ്റ്റിൽ ഹർജിക്കാരിൽ ശ്രീമതി.റാലി പി.ആർ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും വയനാട് ഡി.ഡി.ഇ റിപ്പോർട്ട് ചെയ്തിരുന്നു.

3) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയിൽ നിന്നും റൊട്ടേഷൻ പാലിച്ച് കമ്മീഷൻ നിയമന ശിപാർശ നൽകുന്ന ഉദ്യോഗാർത്ഥികൾക്കാണ് നിയമനാധികാരി നിയമന ഉത്തരവ് നൽകേണ്ടത് എന്നതിനാലും എസ്.എൽ.പി.(സി) 3165/2019 നമ്പർ കേസിലെ ബഹു. സുപ്രീം കോടതിയുടെ 18.10.2023 ലെ വിധിന്യായത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷന് നിർദ്ദേശമൊന്നും നൽകിയിട്ടില്ലാത്തതിനാലും എസ്.എൽ.പി.(സി) 3165/2019 നമ്പർ കേസിലെ ബഹു. സുപ്രീം കോടതിയുടെ 18.10.2023 ലെ വിധിന്യായത്തിനെതിരെ പരാമർശം (3) റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. ബഹു.സുപ്രീം കോടതി പ്രസ്തുത റിവ്യൂ ഹർജി തള്ളുകയും പരാമർശം (2) പ്രകാരമുള്ള കോടതിയലക്ഷ്യ ഹർജി പരിഗണിച്ച ബഹു.സുപ്രീം കോടതിയുടെ 18.10.23 തീയതിയിലെ SLP(C) No.3165/2019 -ന്റെ ഉത്തരവ് 10.04.2024 തീയതിക്കകം നടപ്പിലാക്കുവാൻ കർശന നിർദേശം നല്കുകയുമുണ്ടായി എന്ന് അഡ്വക്കേറ്റ് ജനറൽ പരാമർശം (4) പ്രകാരം അറിയിക്കുകയുണ്ടായി .

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.സുപ്രീം കോടതിയുടെ 18.10.23 തീയതിയിലെ SLP(C) No.3165/2019 -ന്റെ വിധിന്യായപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പിൻവലിക്കുന്നതിനും വയനാട് ജില്ലയിലെ എച്ച്.എസ്.ടി (മലയാളം) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഹർജിക്കാരായ ശ്രീ.അവിനാഷ്.പി, ശ്രീമതി.റാലി പി.ആർ, ശ്രീ.ജോൺസൺ.ഇ.വി, ശ്രീമതി.ഷീമ.എം എന്നിവർക്ക് എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ നിയമനം നൽകുന്നതിന് വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും അപ്രകാരം ബഹു.സുപ്രീം കോടതിയുടെ 18.10.23 തീയതിയിലെ SLP(C) No.3165/2019-ന്റെ വിധിന്യായം നടപ്പിലാക്കി ക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ , എറണാകുളം( ആമുഖ കത്ത് സഹിതം)
ശ്രീ.നിഷേ രാജൻ ഷോൺകർ, അഡ്വക്കേറ്റ് ഓൺ റിക്കോർഡ്, ഫ്ലാറ്റ് നം.301, ടവർ-4, സുപ്രീം ടവേർസ്, സെക്ടർ-99, നോയിഡ, ഉത്തർപ്രദേശ് (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ( ആമുഖ കത്ത് സഹിതം)
വെബ് & ന്യൂ മീഡിയ, വിവര സാങ്കേതിക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
Date: 05-04-2024 19:50:27
സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.2582/2024/GEDN

പകർപ്പ് :- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
പൊതുവിദ്യാഭ്യാസ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്